Attention: Sri. K.V. Kunjiraman

## ഡോ.പി.കെ. വാരിയർ – ജീവിതം, സംഭാവന, സന്ദേശം

ഡോ.കെ.ജി.പൗലോസ്

---

2001–ൽ വിജ്ഞാനഭവനിൽ നടന്ന സമ്മേളനത്തിൽ മുൻരാഷ്ട്രപതി ശ്രീ.കെ.ആർ. നാരായണൻ ആര്യവൈദ്യൻ പി.കെ. വാരിയരെ 'വിശ്വപൗരൻ' എന്ന് വിശേഷിപ്പിച്ചു.

> 'ആയുർവേദരംഗത്തെ സമർപ്പിതസേവനത്തിലൂടെ ജനങ്ങളുടെ വേദന ഒപ്പിയെടുത്ത് ആരോഗ്യവും സന്തോഷവും പകരുന്ന ഡോ.പി.കെ. വാരിയർ ഒരു വിശ്വപൗരനാണ്. ലോകത്തിന് കേരളം സംഭാവന ചെയ്ത മഹാവ്യക്തികളിലൊരാളാവാൻ അദ്ദേഹത്തിന് സാധിച്ചിരിക്കുന്നു.'

പദ്മശ്രീ ഉൾപ്പെടെ ശ്രീ.പി.കെ. വാരിയർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ദേശീയവും അന്തഃർദേശീയവുമായ അനവധി ബഹുമതികൾ ഇതിനെ സാധൂകരിക്കുന്നു.

കേരളത്തിലെ ഒരു ഉൾഗ്രാമത്തിൽ പിറന്ന് താരതമ്യേന യാഥാസ്ഥിതികമായ അന്തരീക്ഷത്തിൽ വളർന്ന ഒരു ബാലനെ വിശ്വത്തോളം ഉയർത്തിയത് നിരന്തരമായ പ്രയത്നവും അർപ്പണബോധവുമാണ്. കോട്ടയ്ക്കലിന്റെ സവിശേഷമായ അന്തഃരീക്ഷവും ഇതിന് പ്രചോദകമായിട്ടുണ്ട്.

ബാല്യത്തിൽ തന്നെ സ്വാതന്ത്ര്യപ്രസ്ഥാനവുമായി ബന്ധപ്പെടാനും നാടിന്റെ നായകന്മാരായ ജയപ്രകാശ് നാരായണൻ, മഞ്ജുനാഥറാവു, കെ. കേളപ്പൻ, എ.കെ.ജി., ഇ.എം.എസ്., പി.കൃഷ്ണപിള്ള, എം.എസ്. ദേവദാസ് എന്നിവരുമായി പരിചയപ്പെടാനും അദ്ദേഹത്തിനവസരം ലഭിച്ചു. ഒപ്പം സാധാരണ ജനങ്ങളുടെ ജീവിതവുമായി അടുത്തിടപഴകാൻ അനേകമവസരങ്ങൾ ലഭിച്ചു. പാവപ്പെട്ടവരുടെ ജീവിതം, അവരുടെ പ്രശ്നങ്ങൾ, വിശപ്പെന്ന വികാരം എന്നിവയെല്ലാം അനുഭവിച്ചറിഞ്ഞു. ദരിദ്രരുടെ ആത്മാർഥതയും, നിഷ്കളങ്കതയും ഉള്ളിൽതട്ടി. വിക്ഷുബ്ധവും സ്നേഹാർദ്രവുമായ ഈ ബാല്യകാലനുഭവങ്ങളാണ് ശ്രീ.പി.കെ. വാരിയരുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തിയത്. പി.എസ്.വാരിയർ വളർത്തിയെടുത്ത മതാതീതമായ മാനവികതയിലൂന്നിയ കോട്ടയ്ക്കൽപെരുമ മരുമകന്റെ സ്വത്വരൂപീകരണത്തെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. ഈ പശ്ചാത്തലമാണ്, കോട്ടയ്ക്കൽ ആര്യവൈദ്യശാലയേയും കൈലാസമന്ദിരത്തെയും സ്നേഹത്തിന്റെ അടിത്തറയിൽ പടുത്തുയർത്തിയ മഹാസൗധമായി കേരള ചരിത്രത്തിൽ അടയാളപ്പെടുത്തുവാൻ പി.കെ. വാരിയരെ പ്രാപ്തനാക്കിയത്.

ശ്രീ.പി.കെ. വാരിയരുടെ കർമ്മമണ്ഡലം ആയുർവേദമാണ്. വളരെ യാദൃച്ഛികമായിട്ടാണ് 1953–ൽ 32–ാമത്തെ വയസ്സിൽ ആര്യവൈദ്യശാലയുടെ നേതൃത്വം അദ്ദേഹത്തിന് ഏറ്റെടുക്കേണ്ടിവന്നത്. ലോകോത്തരമായ മികവിന്റെ സ്ഥാപനമായി ആര്യവൈദ്യശാലയെ മാറ്റാൻ സമർഥമായ ആ സാരഥ്യത്തിന് കഴിഞ്ഞു. ആര്യവൈദ്യശാലയെ മാത്രമല്ല, ആയുർവേദത്തെയും അദ്ദേഹം വിശ്വപ്രസിദ്ധമാക്കി. വിദേശരാജ്യങ്ങളിൽ നടന്ന അനേകം സെമിനാറുകളിൽ സുഹൃത്തായ ശ്രീ.എൻ.വി. കൃഷ്ണൻകുട്ടി വാരിയരോടൊപ്പം ആയുർവേദത്തെ പാശ്ചാത്യലോകത്തിന് അദ്ദേഹം പരിചയപ്പെടുത്തി. ഇതിന്റെ ഫലമാണ് ഇന്ന് ആയുർവേദത്തിന് ലഭിക്കുന്ന ആഗോളതലത്തിലുള്ള അംഗീകാരം. വിദേശികൾ ഇന്ന് കേരളത്തിലേക്ക് വരുന്നത്, അധികം പേരും, ആയുർവേദത്തിന്റെ സ്വാധീനത്തിലാകൃഷ്ടരായിട്ടാണ്.

ആയുർവേദരംഗത്തെ ശ്രീ. വാരിയരുടെ പ്രവർത്തനത്തിന് മൂന്നുതലങ്ങളുണ്ട്– ഒന്ന്, ശാസ്ത്രീയമായ ആധുനികസംവിധാനങ്ങളുപയോഗിച്ച് ഔഷധനിർമ്മാണത്തിന്റെ ഗുണവും മേന്മയും ഉറപ്പാക്കി. ഇതിനായി വിദഗ്ദ്ധരുടെ നേതൃത്വത്തിൽ വലിയൊരു ലബോറട്ടറി ആര്യവൈദ്യശാലയിൽ പ്രവർത്തിക്കുന്നുണ്ട്. രണ്ട്, ആയുർവേദരംഗത്തെ ഏറ്റവും മികച്ച ഗവേഷണ കേന്ദ്രം കോട്ടയ്ക്കൽ സ്ഥാപിച്ചു. മുൻ രാഷ്ട്രപതി ഡോ.എ.പി.ജെ. അബ്ദുൾകലാം ആണ് ഇതിന് തുടക്കം കുറിച്ചത്. പ്രാചീന ഗ്രന്ഥങ്ങളിൽ ആചാര്യന്മാർ പറഞ്ഞുവെച്ചതിനെ ആധുനിക വിജ്ഞാനത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ച് പുതിയ കണ്ടെത്തലിന് ഏറ്റവുമാവശ്യമായത് ഈ രംഗത്തെ ഗവേഷണപ്രവർത്തനങ്ങളാണ്. മൂന്ന്, സംവാദങ്ങളിലൂടെയും പ്രസിദ്ധീകരണങ്ങളിലൂടെയും ആയുർവേദത്തിന്റെ ശാസ്ത്രീയതയെ ഇന്ത്യയ്ക്കകത്തും പുറത്തും ബോധ്യപ്പെടുത്തുന്നതിനുള്ള പ്രസാരണപ്രവർത്തനങ്ങൾ നടത്തുക. ഈ ത്രിതല പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് വ്യക്തമായ ഉൾക്കാഴ്ചയോടെ മുന്നോട്ട് നയിക്കുക വഴിയാണ് ആയുർവേദത്തിന് ആധുനികകാലത്ത് സമ്മാന്യമായ സ്ഥാനം ശ്രീ.പി.കെ. വാരിയർ നേടിക്കൊടുത്തത്.

അനേകർക്ക് ആശ്വാസമരുളുന്ന അപൂർവ വൈദ്യനാണ് ശ്രീ.പി.കെ. വാരിയർ. ആ സാന്ത്വനസ്പർശം അനുഭവിക്കുന്നതിന് വേണ്ടിയാണ് ലോകത്തിന്റെ നാനാഭാഗത്ത് നിന്നും രോഗികൾ അദ്ദേഹത്തെ തേടിയെത്തുന്നത്. ആരെയുമദ്ദേഹം നിരാശപ്പെടുത്തിയിട്ടില്ല. ജീവൻ തിരിച്ചുകിട്ടിയെന്ന കൃതജ്ഞതയോടെയാണ് അവർ മടങ്ങുന്നത്. ഇവരുടെ സ്നേഹാശ്രുക്കളാണ് തന്റെ ജീവിതത്തിന്റെ സാഫല്യമെന്ന് ശ്രീ.വാരിയർ കരുതുന്നു.

ആരോഗ്യമേഖലയിലെന്നപോലെ സമസ്തമേഖലയിലും വ്യാപരിക്കുന്നതാണ് അദ്ദേഹത്തിന്റെ പ്രവർത്തനം. സമൂഹത്തിന് പ്രയോജനം ചെയ്യുന്ന ഏത് പ്രവർത്തനങ്ങളോടും അദ്ദേഹം സഹകരിക്കും. ശാസ്ത്രസാഹിത്യപരിഷത്ത്, ഗ്രന്ഥശാലാപ്രസ്ഥാനം, ഗീതായജ്ഞം, എൻ.വി. സ്മാരകസമിതി, നിളാസംരക്ഷണം, പരിസ്ഥിതി തുടങ്ങിയ പ്രസ്ഥാനങ്ങളോടും പ്രവർത്തനങ്ങളോടും സജീവമായ താത്പര്യം അദ്ദേഹത്തിനുണ്ട്. കഥകളി തുടങ്ങിയ കേരളീയ കലകളോടു അതുവഴി കലാമണ്ഡലത്തോടും അദ്ദേഹത്തിനുള്ള പക്ഷപാതം പ്രസിദ്ധമാണ്. സമകാലിക പ്രശ്നങ്ങളോട് പ്രതികരിക്കുന്ന മനസ്സ് ശ്രീ.വാരിയർക്കുള്ളതുകൊണ്ട് ആര്യവൈദ്യശാലയുടെ വാതിലുകൾ പൊതുപ്രവർത്തകർക്കായി എപ്പോഴും തുറന്ന് കിടക്കുന്നു.

ഭാരിച്ച ഈ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുമ്പോഴും ആർഷമായൊരു നിർമമത ശ്രീ.വാരിയർക്കുണ്ട്. വലിയ ഈ പൂങ്കാവനത്തിന്റെ കാവൽക്കാരനാണ് താൻ, ഈ പൂക്കളൊന്നും തന്റേതല്ല, ചെടികൾ നനയ്ക്കുകയും തഴച്ചു വളർത്തുകയുമാണ് തന്റെ ജോലി. അതു താൻ നിർവഹിക്കുന്നു. ഇദം ന മമ, ന മമ.

നിർമമമായ ഈ അർപ്പണബോധമാണ് നവതിയെലെത്തുമ്പോഴും പ്രസരിപ്പ് നിലനിർത്താൻ ശ്രീ.പി.കെ. വാരിയരെ സഹായിക്കുന്നത്. സ്വജീവിതത്തിൽ അദ്ദേഹം പാലിക്കുന്ന കൃത്യനിഷ്ഠയും ആത്മാർഥതയും ഏവർക്കും മാതൃകയാണ്.

---

*വാചസ്പതി*

**ഡോ. കെ.ജി. പൗലോസ്**

*വൈസ് ചാൻസലർ*

**കേരള കലാമണ്ഡലം കല്പിത സർവകലാശാല**

വള്ളത്തോൾ നഗർ, ചെറുതുരുത്തി പി.ഒ., തൃശ്ശൂർ ജില്ല, പിൻ: 679 531

ഫോൺ: 04884-263440 (ഓഫീസ്), 04884-264477 (വീട്), മൊ: 9846041205

E-mail: kgpaulose@gmail.com, Website: www.kalamandalam.org.

---